# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 983 — 12/12/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>,, വി.പി. സജീന്ദ്രൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, അൻവർ സാദത്ത് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്തെ പട്ടിക വർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ | ശേഖരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും, തദ്ദേശ ഭരണ സ്ഥാപനങ്ങളും സംയുക്തമായി സംസ്ഥാനത്തെ പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതാകുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സർവ്വെയുടെ നോഡൽ ഏജൻസിയായിരുന്നു പ്രസ്തുത വിവരങ്ങൾ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ജില്ല എന്നീ തലങ്ങളിലാണ് തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല പട്ടികവർഗ്ഗ ഊരുകളുടേയും, കുടുംബങ്ങളുടെയും വിവരങ്ങൾ സംസ്ഥാന തലത്തിൽ സമാഹരിച്ച് റിപ്പോർട്ട്, പട്ടികവർഗ്ഗ വികസന വകുപ്പ് പുസ്തക രൂപത്തിൽ പുറത്തിറക്കിയിട്ടുണ്ട്. |
| ബി | വിവരങ്ങൾ ശേഖരിച്ചതിന്റെ ക്രോഡീകൃത റിപ്പോർട്ട് പ്രകാശനം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | ബി | ഉണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണ റിപ്പോർട്ട് (ക്രോഡീകരിച്ചതിന്റെ) പ്രകാശനം 06.11.2012 ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് വിതുര ഗ്രാമ പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തപ്പെട്ടിട്ടുണ്ട്. |
| സി | ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ വിശദമാക്കുമോ ; | സി | ഊരുകളിൽ നിന്നും കുടുംബങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ സമാഹരിച്ച് പട്ടികവർഗ്ഗ ഉപ പദ്ധതി സൂക്ഷ്മ തലത്തിൽ ആസൂത്രണം ചെയ്യുന്നതിന് അനുയോജ്യമായ വിവര വ്യൂഹം തയ്യാറാക്കുകയെന്നതാണ് വിവരസമാഹരണത്തിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. |

.....2

| | | | |
|---|---|---|---|
| ഡി | എന്തെല്ലാം വിവരങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | ഡി | ചുവടെ കൊടുത്തിട്ടുള്ള വിവരങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>1. ജനസംഖ്യ<br>2. ഊരുകൾ<br>3. വിദ്യാഭ്യാസം<br>4. തൊഴിലും വരുമാനവും<br>5. ആരോഗ്യം<br>6. അടിസ്ഥാന സൗകര്യങ്ങൾ<br>7. കൈവശ ഭൂമി<br>8. വനവുമായുള്ള ആഭിമുഖ്യം<br>9. സാമൂഹ്യ സുരക്ഷ<br>10. സാമൂഹ്യ വികാസം |

R.A.

**സെക്ഷൻ ഓഫീസർ**